കേരള സർക്കാർ

സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ്—M/s മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡ് നിർമ്മിത സംസ്കരിച്ച റബ്ബർതടി ഫർണിച്ചർ, ഓഫീസ് ഫർണിച്ചർ ഉൽപന്നങ്ങൾ ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ നേരിട്ട് സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നേരിട്ട് വിപണനം നടത്തുന്നതിന് അനുമതി നൽകി—ഉത്തരവ് പുറപ്പെടുവിക്കുന്നു

സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്

സ. ഉ. (സാധാ.) നമ്പർ 82/2023/എസ്.പി.ഡി.

*തിരുവനന്തപുരം, 2023 ആഗസ്റ്റ് 5.*

പരാമർശം:—(1) 27-4-2016-ലെ സ.ഉ. (സാധാ.) 24/2016/SPD നമ്പർ ഉത്തരവ്.

(2) 1-6-2022-ലെ സ.ഉ. (സാധാ.) 22/2022/SPD നമ്പർ ഉത്തരവ്.

(3) മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 7-2-2023-ലെ MRW/SPD/2022-23/01 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) പ്രകാരം മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡ് നിർമ്മിക്കുന്ന സംസ്കരിച്ച റബ്ബർ തടിയിലുള്ള നിശ്ചിത ഇനം ഫർണിച്ചർ ഉല്പന്നങ്ങൾക്ക് വില നിർണ്ണയം നടത്തി, സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഒരു വർഷക്കാലയളവിലേക്ക് ഇളവ് നൽകി, സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടി കൂടാതെ വിപണനം നടത്തുന്നതിന്

അനുമതി നൽകിയിരുന്നു. തുടർന്ന് സ്ഥാപനത്തിന്റെ അപേക്ഷ പരിഗണിച്ച് പ്രസ്തുത ഇളവ് കാലാവധി യഥാസമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. ഇപ്രകാരം ഏറ്റവും ഒടുവിൽ പരാമർശം 2 പ്രകാരം ടെണ്ടർ ഇളവ് കാലയളവ് ദീർഘിപ്പിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ കാലാവധി 26-4-2023-ന് അവസാനിച്ചിരുന്നു.

2. പ്രസ്തുത ആനുകൂല്യം ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 3-ലെ കത്ത് മുഖേന മീനച്ചിൽ റബ്ബർവുഡ് മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം വില നിർണ്ണയം നടത്തിയ സംസ്കരിച്ച റബ്ബർതടിയിലുള്ള മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡ് നിർമ്മിത നിശ്ചിത ഇനം ഫർണിച്ചർ ഉല്പന്നങ്ങൾ അതേ വിലയിൽ കവിയാതെ സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ, നേരിട്ട് വിപണനം നടത്തുന്നതിന്, ഇനി ഈ ആവശ്യത്തിന് കാലാവധി നീട്ടി നൽകുന്നതല്ല എന്ന വ്യവസ്ഥയിൻമേൽ, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്കുകൂടി സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഇളവിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങളുടെ വിപണനത്തിന് സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരമുള്ള മാനദണ്ഡങ്ങൾ അവലംബിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പ്രമോദ്, വി. ആർ.,
*ജോയിന്റ് സെക്രട്ടറി.*

പകർപ്പ്:

എല്ലാ വകുപ്പ് തലവൻമാർ/ഓഫീസുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വാശ്രയ സ്ഥാപനങ്ങൾ മുതലായവയ്ക്ക്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളെയും അറിയിക്കുന്നതിന്).

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമപഞ്ചായത്തുകളെയും വിവരം അറിയിക്കുന്നതിന്).

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.

റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/ എറണാകുളം/കോഴിക്കോട്.

മാനേജിംഗ് ഡയറക്ടർ, മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡ്, മെട്രോവുഡ് ഫാക്ടറി, അടിവാരം പി. ഒ., പെരിങ്കുളം, പൂഞ്ഞാർ, കോട്ടയം-686 582.

വ്യവസായ (ജി) വകുപ്പ് (IND-G2/72/2023-IND നമ്പർ ഫയൽ പ്രകാരം).

സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ ബിൽഡിംഗ്സ്, എസ്. എം. എസ്. എം. ഇൻസ്റ്റിറ്റ്യൂട്ടിന് പിറകുവശം, സ്റ്റാച്യൂ, തിരുവനന്തപുരം (സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.

(സർക്കാർ ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.

(ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

---